നം.ഇ.എക്സ്/സി.ജി.എൽ(3)/44357/2017/സി.ജി.ഇ.

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം
തീയതി: 05 /02/2018.

# സർക്കുലർ

വിഷയം : 2018 മാർച്ച് റ്റി.എച്ച്.എസ്.എൽ.സി പരീക്ഷ - A ലിസ്റ്റ് പ്രസിദ്ധീകരണം, CE Mark Entry, Grace Mark Entry, Cancellation പ്രവർത്തനങ്ങളുടെ തുടർനിർദ്ദേശങ്ങൾ.

സൂചന : 25.10.2017 -ലെ ഇതേ നമ്പർ വിജ്ഞാപനം.

2018 ജനുവരി 24 ന് പ്രൊവിഷണൽ A ലിസ്റ്റ് സ്കൂൾ അധികൃതരുടെ പരിശോധനയ്ക്ക് പ്രസിദ്ധീകരിച്ച് ജനുവരി 27 ന് വൈകിട്ട് 5 മണിവരെ തിരുത്തലുകൾ വരുത്തുന്നതിനുള്ള അവസരം നൽകിയിരുന്നു. സ്കൂളുകളിൽ നിന്നുള്ള തിരുത്തലുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള അന്തിമ A ലിസ്റ്റുകൾ iExaMS പോർട്ടലിൻറെ SUPDNT / PRINCIPAL ലോഗിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1. <u>Question Paper Statement വെരിഫിക്കേഷൻ:</u>

പരീക്ഷാകേന്ദ്രങ്ങളായിട്ടുള്ള സ്കൂൾ അധികൃതർ കേന്ദ്രത്തിലേക്ക് ആവശ്യമായ ചോദ്യപേപ്പറുകളുടെ എണ്ണം SUPDNT/ PRINCIPAL ലോഗിനിലുള്ള "Question Paper Statement Verification" എന്ന ലിങ്കിലൂടെ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. പ്രസ്തുത ലിങ്കിൽ ലഭ്യമാക്കിയിട്ടുള്ള ചോദ്യപേപ്പറുകളുടെ എണ്ണം ശരിയാണെങ്കിൽ Verified and found correct എന്ന ബട്ടണും, ചോദ്യപേപ്പറുകളിൽ കുറവോ അല്ലെങ്കിൽ ഏതെങ്കിലും ചോദ്യപേപ്പറിൻറെയോ എണ്ണമോ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ Verified, but need correction എന്ന ബട്ടണും ക്ലിക്ക് ചെയ്ത് Submit ചെയ്യേണ്ടതാണ്. പ്രസ്തുത ലിങ്കിലൂടെ ലഭിക്കുന്ന റിപ്പോർട്ട് പ്രിൻറ് എടുത്ത് സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്. DEO യിൽ നിന്നും ചോദ്യപേപ്പറുകളുടെ ശേഖരണത്തിനായി പ്രസ്തുത റിപ്പോർട്ട് പ്രയോജനപ്പെടുത്താവുന്നതാണ്.

## 2. <u>A ലിസ്റ്റിലെ തിരുത്തലുകൾ , ഉൾപ്പെടുത്തലുകൾ:</u>

A ലിസ്റ്റിൻറെ സൂക്ഷ്മപരിശോധന സത്വരമായി ചെയ്യാനുള്ള നടപടികൾ സ്കൂൾ സൂപ്രണ്ട് /പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ടതാണ്. A

ലിസ്റ്റിൽ ഇനിയും തിരുത്തലുകൾ വരുത്തേണ്ടതുണ്ടെങ്കിൽ ആവശ്യമായ തിരുത്തൽ എന്താണെന്ന് വ്യക്തമാക്കുന്ന സൂപ്രണ്ട് / പ്രിൻസിപ്പാളിൻറെ അപേക്ഷ, പ്രസ്തുത തിരുത്തൽ A ലിസ്റ്റിൽ ചുവന്ന മഷിയിൽ രേഖപ്പെടുത്തി അനുബന്ധരേഖകൾ സഹിതം സൂപ്രണ്ട് /പ്രിൻസിപ്പാൾമാർ / SITC നേരിട്ട് പരീക്ഷാഭവനിൽ 2018 ഫെബ്രുവരി 12 ന് വൈകിട്ട് 5 മണിയ്ക്കുള്ളിൽ സമർപ്പിച്ച് ആവശ്യമായ തിരുത്തൽ രേഖപ്പെടുത്തേണ്ടതാണ്.

സർക്കാരിൻറെ പ്രത്യേക ഉത്തരവിലൂടെയോ മറ്റു വിധേനയോ A ലിസ്റ്റിൽ ഇനിയും വിദ്യാർത്ഥികളെ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ ഉത്തരവിൻറെ പകർപ്പ്, വിദ്യാർത്ഥിയുടെ നിർദ്ദിഷ്ട വലിപ്പത്തിലുള്ള ഫോട്ടോയുടെ സോഫ്റ്റ്കോപ്പി, പരീക്ഷയ്ക്കുള്ള അപേക്ഷാഫാറം, എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സൂപ്രണ്ട് / പ്രിൻസിപ്പാളിൻറെ അപേക്ഷ സൂപ്രണ്ട് / പ്രിൻസിപ്പാൾ / SITC, 2018 ഫെബ്രുവരി 12 ന് വൈകിട്ട് 5 മണിയ്ക്കുള്ളിൽ പരീക്ഷാഭവനിൽ നേരിട്ട് സമർപ്പിച്ച് ഉൾപ്പെടുത്തേണ്ടതാണ്.

**3. <u>CE Mark Tabulation:</u>**

CE Mark Tabulation പ്രവർത്തനങ്ങൾ 7/2/2018 മുതൽ 12/2/2018 വരെയുള്ള സമയപരിധിയിൽ പൂർത്തീകരിക്കേണ്ടതാണ്. CE Mark Entry, Verification / Correction ക്ലാസ്സ്ടീച്ചർ യൂസർമാരാണ് നിർവഹിക്കേണ്ടത്. Final Locking നിർവഹിക്കേണ്ടത് SUPDNT / PRINCIPAL യൂസറുമാണ്.

**4. <u>Grace Mark Entry:</u>**

Grace Mark Entry ലിങ്ക് SUPDNT / PRINCIPAL യൂസറിൽ 14/2/2018 മുതൽ ലഭ്യമാകുന്നതാണ്. Grace Mark-ന് അർഹതയുള്ള വിദ്യാർത്ഥിവിവരങ്ങൾ കൃത്യതയോടെ 28/2/2018 നു മുമ്പായി രേഖപ്പെടുത്തേണ്ടതാണ്.

**5. <u>Cancellation</u>**

Cancellation Entry ലിങ്ക് SUPDNT/PRINCIPAL യൂസറിൽ 12/2/2018 മുതൽ 23/2/2018 വരെ ലഭ്യമാകുന്നതാണ്. Cancellation നടത്തുന്നതിനായി വിദ്യാർത്ഥിയുടെ രക്ഷകർത്താവ് സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകൾ, ഫീസടച്ച ചെല്ലാൻകോപ്പി എന്നിവ സ്കാൻചെയ്ത് Cancellation Entry ലിങ്കിലൂടെ അപ് ലോഡ് ചെയ്യേണ്ടതാണ്. ക്യാൻസലേഷനായി സ്കൂളിൽനിന്നും ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷ

പരീക്ഷാഭവനിൽ പരിശോധിച്ച് അനുവദനീയമായവ അനുവദിച്ച് ഉത്തരവായാൽ മാത്രമേ ക്യാൻസലേഷൻ നടപടി പൂർത്തിയാകുകയുള്ളൂ. ക്യാൻസലേഷൻ ഉത്തരവ് ഓൺലൈനായി ലഭ്യമാക്കുന്നതാണ്.

## 6. IT Mark Upload:

IT പരീക്ഷ പൂർത്തിയാകുന്ന ദിവസം തന്നെ IT Mark അപ് ലോഡ് ചെയ്യേണ്ടതാണ്. 22/2/2018 മുതൽ 2/3/2018 വരെ മാത്രമേ IT Mark അപ് ലോഡ് ചെയ്യുന്നതിനുള്ള ലിങ്ക് ലഭ്യമാകുകയുള്ളൂ.

## 7. Hall Ticket:

Hall Ticket ജനറേറ്റ് ചെയ്യുന്നതിനുള്ള സൗകര്യം 2018 ഫെബ്രുവരി 15 മുതൽ ലഭ്യമാകുന്നതാണ്. ഫെബ്രുവരി 21 ന് മുമ്പായി ഹാൾടിക്കറ്റുകൾ വിതരണം ചെയ്യാനുള്ള നടപടികൾ അതത് സൂപ്രണ്ട് / പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ടതാണ്.

2018 മാർച്ച് പരീക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എല്ലാ സൂപ്രണ്ട് / പ്രിൻസിപ്പാൾമാരും സത്വര ശ്രദ്ധ നൽകേണ്ടതാണ്.

**(ഒപ്പ്)**

**പരീക്ഷാസെക്രട്ടറി**

പകർപ്പ് :

1. എല്ലാ പ്രധാനാദ്ധ്യാപകർക്കും (പരീക്ഷാഭവൻ, iExams വെബ്സൈറ്റുകൾ മുഖാന്തിരം)
2. എല്ലാ DEO മാർക്കും അറിവിലേക്കായി (പരീക്ഷാഭവൻ, iExams വെബ്സൈറ്റുകൾ മുഖാന്തിരം)
3. സ്റ്റോക്ക് ഫയൽ.